കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B1/39/2021-SEC                                                തീയതി: **23/02/2022**

## <u>സർക്കുലർ</u>

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം കെട്ടിവയ്ക്കുന്ന നിക്ഷേപത്തുക തിരികെ നൽകുന്നത് / കണ്ടുകെട്ടുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

പഞ്ചായത്ത് രാജ് ആക്ട് 1994, 53 -ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 1994, 109-ാംവകുപ്പും പ്രകാരം ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ ഒരു നിയോജക മണ്ഡലത്തിലേയ്ക്ക്/വാർഡിലേക്ക് മൽസരിക്കുന്ന സ്ഥാനാത്ഥികൾ നിർദ്ദിഷ്ട തുക കെട്ടി വയ്ക്കേണ്ടതാണ്. അത്തരത്തിൽ നിക്ഷേപിക്കപ്പെടുന്ന തുക ബന്ധപ്പെട്ട സ്ഥാനാർത്ഥികൾക്കോ അയാളുടെ നിയമപരമായ അവകാശിക്കോ തിരികെ നൽകുകയോ ബന്ധപ്പെട്ട പഞ്ചായത്തിലേക്ക്/ മുനിസിപ്പാലിറ്റിയിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ സ്ഥാനാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനും പഞ്ചായത്തിലേക്ക്/ മുനിസിപ്പാലിറ്റിയിലേക്ക് കണ്ടുകെട്ടുന്നതിനും വരണാധികാരികൾക്ക് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. വരണാധികാരി പ്രസിദ്ധീകരിക്കുന്ന, മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽ (**Form No. 6**), ഒരു സ്ഥാനാർത്ഥിയുടെ പേര് ഉൾപ്പെടാതിരിക്കുകയോ, പേര് തെറ്റായി കാണിക്കപ്പെടുകയോ വോട്ടെടുപ്പിന് മുൻപ് ഒരു സ്ഥാനാർത്ഥി മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം അല്ലെങ്കിൽ സ്ഥാനാർത്ഥിയുടെ മരണശേഷം അയാൾക്കോ അയാളുടെ നിയമപരമായ അവകാശിക്കോ അതതു സംഗതിപോലെ നിക്ഷേപ തുക തിരികെ നൽകേണ്ടതാണ്.

i. ഒരു സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രിക തള്ളുകയോ , സ്ഥാനാർത്ഥി നാമനിർദ്ദേശപത്രിക പിൻവലിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് **(Form No. 6)** പ്രസിദ്ധീകരിച്ചതിനുശേഷം കഴിയുന്നതും വേഗം പരമാവധി ഒരാഴ്ച്ചയ്ക്കുള്ളിൽ വരണാധികാരി നിക്ഷേപത്തുക ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണ്.

ii. വോട്ടെടുപ്പിന് മുൻപ് ഒരു സ്ഥാനാർത്ഥി മരണപ്പെടുകയാണെങ്കിൽ , മരണശേഷം കഴിയുന്നതുംവേഗം പരമാവധി ഒരാഴ്ച്ചയ്ക്കുള്ളിൽ വരണാധികാരി നിക്ഷേപത്തുക ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ നിയമപരമായ അവകാശിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക

കൈമാറേണ്ടതാണ്.

2. തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിക്കും , മൽസരിച്ച എല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ലഭിച്ച സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 ൽ കൂടുതൽ ലഭിച്ച സ്ഥാനാർത്ഥികൾക്കും തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ചതിനുശേഷം 3 മാസത്തിനുള്ളിൽ നിക്ഷേപത്തുക തിരികെ നൽകേണ്ടതാണ്.
3. വോട്ടെടുപ്പ് കഴിഞ്ഞ ഒരു തിരഞ്ഞെടുപ്പിൽ , ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടാതിരിക്കുകയും, അയാൾക്ക് ലഭിച്ച സാധുവായ വോട്ടുകളുടെ എണ്ണം മൽസരിച്ച എല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ലഭിച്ച സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 ൽ കൂടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ നിക്ഷേപത്തുക പഞ്ചായത്തിലേയ്ക്ക്/മുനിസിപ്പാലിറ്റിയിലേക്ക് കൈമാറേണ്ടതാണ്.
4. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിനു ശേഷം കഴിയുന്നതും വേഗം പരമാവധി 3 മാസത്തിനുള്ളിൽ വരണാധികാരി നിക്ഷേപത്തുക 2 ൽ പരാമർശിക്കുന്ന സ്ഥാനാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ നിക്ഷേപത്തുക കൈമാറേണ്ടതും 3 ൽ പരാമർശിക്കുന്ന സ്ഥാനാർത്ഥികളുടെ നിക്ഷേപത്തുക ബന്ധപ്പെട്ട പഞ്ചായത്തിലേയ്ക്ക് / മുനിസിപ്പാലിറ്റിയിലേക്ക് കണ്ടുകെട്ടേണ്ടതുമാണ്.
5. തിരഞ്ഞെടുപ്പിനുശേഷം നിക്ഷേപത്തുക തിരികെ ലഭിക്കുന്നതിനായി സ്ഥാനാർത്ഥി പ്രത്യേകം <u>അപേക്ഷ സമർപ്പിക്കേണ്ടതില്ല</u>. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനോടൊപ്പം സ്വീകരിക്കുന്നതിനോടൊപ്പം സ്ഥാനാർത്ഥി തന്റെയും, തന്റെ നിയമപരമായ അവകാശിയുടെയും ബാങ്ക് അക്കൗണ്ട് സമബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിൽ വരണാധികാരിക്ക് പൂരിപ്പിച്ച് നൽകേണ്ടതാണ്.

Signature Not Verified
Digitally signed by A SANTHOSH
Date: 2022.02.23 10:57:49 IST
Reason: Approved

**എ.സന്തോഷ്**
**സെക്രട്ടറി**

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും

പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാർക്കും

കമ്മീഷണറുടെ പി.എസ്

കമ്മീഷണറുടെ സി.എ.

സെക്രട്ടറിയുടെ സി.എ

എല്ലാ സെക്ഷനുകൾക്കും

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

**അനുബന്ധം**

**ഫാറം N 42**

(സർക്കുലർ നമ്പർ :B1-39-2021-SEC,തീയതി 23/02/2022)

**നാമനിർദ്ദേശ പത്രികയോടൊപ്പം കെട്ടിവക്കുന്ന നിക്ഷേപത്തുക തിരികെ ലഭിക്കുന്നതിനായി സ്ഥാനാർത്ഥി വരണാധികാരി മുൻപാകെ സമർപ്പിക്കേണ്ട വിശദ വിവരങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ/ബ്ലോക്ക്പഞ്ചായത്തിന്റെ/ ജില്ലാപഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ/ മുനിസിപ്പൽ കോർപ്പറേഷന്റെ പേര് :

നിയോജകമണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും :

സ്ഥാനാർത്ഥിയുടെ പേര് :

ബാങ്ക് അക്കൗണ്ട് നമ്പർ :

ഐ എഫ് എസ് C കോഡ് :

(ഈ ബാങ്ക് അക്കൗണ്ടിലേക്കായിരിക്കും സ്ഥാനാർത്ഥിയുടെ നിക്ഷേപത്തുക തിരികെ നൽകുന്നത്)

സ്ഥാനാർത്ഥിയുടെ അവകാശിയുടെ പേരും മേൽവിലാസവും :

അവകാശിക്ക് സ്ഥാനാർത്ഥിയുമായുള്ള ബന്ധം :

ബാങ്ക് അക്കൗണ്ട് നമ്പർ :

ഐ എഫ് എസ് C കോഡ് :

(തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപന തീയതിക്ക് മുൻപ് സ്ഥാനാർത്ഥി മരണപ്പെടുകയാണെങ്കിൽ ഈ അക്കൗണ്ടിലേക്കായിരിക്കും നിക്ഷേപത്തുക കൈമാറുന്നത്)

നിക്ഷേപത്തുക അടച്ച രീതി: നേരിട്ട് വരണാധികാരിക്ക്/ ട്രെഷറി മുഖേനെ/ മറ്റു രീതിയിൽ

നിക്ഷേപ തുക അടച്ചത് നേരിട്ടല്ലെങ്കിൽ അതിന്റെ വിശദാംശം :

രസീത് നമ്പർ : തീയതി:

തീയതി

സ്ഥാനാർത്ഥിയുടെ ഒപ്പ്